# ഓരോ മലയാളിയും വീട്ടിൽ സൂക്ഷിക്കേണ്ട ഡിജിറ്റൽ ഗ്രന്ഥസമാഹാരം

**-സ്വന്തം ലേഖകൻ**

ഓരോ മലയാളിയുടെയും വീട്ടിൽ അത്യാവശ്യം വേണ്ട ഗ്രന്ഥമേത് എന്ന് ചോദിച്ചാൽ പലരും പല മറുപടിയാകും നൽകുക. കൊട്ടാരത്തിൽ ശങ്കുണ്ണി രചിച്ച 'ഐതിഹ്യമാല'യാണ് ഓരോ മലയാളിയുടെയും വീട്ടിൽ അത്യാവശ്യം വേണ്ട മലയാളഗ്രന്ഥമെന്നും, കേരളത്തിൽ വളരുന്ന ഓരോ കുട്ടിയും അത് വായിച്ചിരിക്കണമെന്നും അഭിപ്രായമുള്ളവരുണ്ട്. അതല്ല, തുഞ്ചത്ത് എഴുത്തച്ഛന്റെ 'ആദ്ധ്യാത്മരാമായണം കിളിപ്പാട്ട്' ആണ് ഓരോ മലയാളിയുടെയും വീട്ടിൽ തീർച്ചയായും ഉണ്ടായിരിക്കേണ്ട മലയാളഗ്രന്ഥമെന്ന് വിശ്വസിക്കുന്നവർ ഏറെയാണ്. 'ഹരിനാമകീർത്തനം' ഇല്ലാത്ത ഭവനം ഭവനമാണോ എന്ന് ചോദിക്കുന്നവരുമുണ്ട്. ചിലർക്ക് വീട്ടിൽ വേണ്ടത് 'ശ്രീനാരായണഗുരുവിന്റെ കൃതികള്' ആകാം. അതല്ല, സത്യവേദപുസ്തകമാണ് വേണ്ടതന്നെ അഭിപ്രായക്കാരുമുണ്ട്. ഖുർആനും ഒഴിവാക്കാനാവില്ല എന്ന് വാദിക്കുന്നവരുമുണ്ട്.

ഈ പട്ടിക ഇങ്ങനെ നീണ്ടു പോകും. തീർച്ചയായും മലയാളികൾ അത്യാവശ്യം വായിക്കുകയും പഠിക്കുകയും വേണ്ട പുസ്തകങ്ങൾ തന്നെയാണ് മേൽ സൂചിപ്പിച്ചവ ഓരോന്നും. ഇവയ്ക്കൊപ്പം ഇനിയും ഏറെയെണ്ണം ചേർത്ത് വെയ്ക്കാം. അത്തരം അമൂല്യമായ ഗ്രന്ഥങ്ങളുടെ ഒരു സമാഹാരം ഡിജിറ്റൽ രൂപത്തിൽ സിഡിയിൽ ലഭ്യമാകുന്ന കാര്യം ആലോചിച്ചു നോക്കൂ. അങ്ങനെയൊരു സിഡി ഇപ്പോൾ പുറത്തിറങ്ങിയിരിക്കുകയാണ്-'മലയാളം വിക്കിഗ്രന്ഥശാല-തിരഞ്ഞെടുത്ത കൃതികള്'. ജൂൺ 11 ന് കണ്ണൂരിൽ നടന്ന വിക്കിസംഗമത്തിലാണ് മലയാളം വിക്കി ഗ്രന്ഥശാലയിലെ കൃതികളടങ്ങിയ സിഡി പ്രകാശനം ചെയ്തത്. പകർപ്പവകാശ കാലാവധി കഴിഞ്ഞ മലയാളം കൃതികളാണ് സിഡിയിലുള്ളത്.

പകർപ്പവകാശ കാലാവധി കഴിഞ്ഞ ഗ്രന്ഥങ്ങൾ എന്നതുകൊണ്ടുമാത്രം ഈ സിഡിയിലെ ഉള്ളടക്കത്തിന്റെ സവിശേഷത തീരുന്നില്ല. സാധാരണക്കാർക്ക് അത്ര ലഭ്യമല്ലാത്ത ഒട്ടേറെ കൃതികളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കാവ്യങ്ങള്, ഭാഷാവ്യാകരണം, ഐതിഹ്യം, ആത്മീയം എന്നിങ്ങനെ എട്ട് വിഭാഗങ്ങളും വിക്കിചിത്രശാലയെന്ന ചിത്രസമാഹാരവുമാണ് സിഡിയുടെ ഉള്ളടക്കം. സിഡി ഉപയോഗിച്ച് ഓഫ്‌ലൈനിൽ തന്നെ അതിലെ ഉള്ളടക്കം വായിക്കാനാകും. ഈ സിഡിയുടെ ഉള്ളടക്കം പൂർണമായും ഓൺലൈനിലും ലഭ്യമാണ്. http://www.mlwiki.in/wikisrccd/index.html എന്ന ലിങ്കിൽ പോവുക. വിക്കിഗ്രന്ഥശാലയിലെ തിരഞ്ഞെടുത്ത കൃതികളുടെ സിഡി http://www.mlwiki.in/cdimage /mlwikisource.iso എന്ന ലിങ്കിൽ നിന്ന് നേരിട്ട് ഡൗൺലോഡ് ചെയ്യാൻ സാധിക്കും.

ഈ സമാഹാരത്തിൽ ഏറ്റവും സമ്പന്നമായ വിഭാഗം 'കാവ്യങ്ങളു'ടേതാണ്. വീണ പൂവ്, നളിനി, ലീല, വനമാല, മണിമാല തുടങ്ങി കുമാരനാശാന്റെ കൃതികൾ സമഗ്രമായി ഇതിലുണ്ട്. കൂടാതെ ചെറുശ്ശേരിയുടെ 'കൃഷ്ണഗാഥ', ചങ്ങമ്പുഴ, കുഞ്ചൻ നമ്പ്യാര്, ഇരയിമ്മൻ തമ്പി, രാമപുരത്ത് വാര്യർ എന്നിവരുടെ കൃതികൾ ഒക്കെ ഡിജിറ്റൽ രൂപത്തിൽ മനോഹരമായി മുന്നിലെത്തും. ഭാഷാവ്യാകരണം വിഭാഗത്തിൽ 'കേരളപാണിനീയം' പൂർണരൂപത്തിൽ ചേർത്തിരിക്കുന്നു. ഐതിഹ്യം വിഭാഗത്തിൽ 'ഐതിഹ്യമാല' എന്ന ബൃഹത്ഗ്രന്ഥം മുഴുവനും വായിക്കാം. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യനോവലായ ചന്തുമേനോന്റെ 'ഇന്ദുലേഖ'യാണ് നോവൽ വിഭാഗത്തിലുള്ള ഏക കൃതി.

'ശ്രീമത് ഭഗവദ് ഗീത', 'അദ്ധ്യാത്മരാമായണം കിളിപ്പാട്ട്', 'ഹരിനാമകീർത്തനം', 'ഗീതാഗോവിന്ദം', 'സത്യവേദപുസ്തകം', 'ഖുർആന്', 'ശ്രീനാരായണഗുരു കൃതികള്' -ആത്മീയം വിഭാഗം സമ്പന്നമാണ്. ഭക്തിഗാനങ്ങൾ എന്ന വിഭാഗവും ശ്രദ്ധേയമാണ്. ക്രിസ്തീയ കീർത്തനങ്ങളുടെയും, ഹൈന്ദവ ഭക്തിഗാനങ്ങളുടെയും, ഇസ്ലാമിക ഗാനങ്ങളുടെയും ശ്രദ്ധേയമായ ഒരു സമാഹാരം ഇവിടെയുണ്ട്. തത്വശാസ്ത്രം വിഭാഗത്തിൽ 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ', 'കമ്മ്യൂണിസത്തിന്റെ തത്വങ്ങള്' എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സിഡിയിലെ ഉള്ളടക്കം മുഴുവൻ വ്യത്യസ്തമായ നാല് മലയാളം യുണികോഡ് ഫോണ്ടുകളിൽ വായിക്കാം-അഞ്ജലി, മീര, രചന, ലഘുമലയാളം എന്നിവയാണ് ആ ഫോണ്ടുകള്. മാത്രമല്ല, ഫോണ്ടിന്റെ വലിപ്പം വർധിപ്പിക്കാനും കഴിയും. ഓരോ അധ്യായവും സ്ക്രോൾ ചെയ്ത് താഴേക്ക് അടുത്ത് പേജിൽ പോകുന്നതിന് പകരം, വായനയ്ക്കുള്ള പേജിനെ ഇടത്തേക്കും വലത്തേക്കും നീക്കി അധ്യായം മുഴുവൻ വായിക്കാൻ പാകത്തിലാണ് ഉള്ളടക്കത്തിന്റെ വിന്യാസം. പക്ഷേ, ഉള്ളടക്കം ക്രമീകരിച്ചിട്ടുള്ള കോളങ്ങളുടെ വീതി അൽപ്പംകൂടി കുറഞ്ഞിരുന്നെങ്കിൽ വായന കുറെക്കൂടി അനായാസമാകുമായിരുന്നു.

വിക്കി ഗ്രന്ഥശാലയുടെ ഓഫ്‌ലൈൻ സിഡി ഇറക്കുന്ന ലോകത്തിലെ ആദ്യ സംരംഭമാണിതെന്ന്, ഈ സിഡി അണിയിച്ചൊരുക്കിയവരിൽ പ്രധാനിയായ സന്തോഷ് തോട്ടിങ്ങൽ ഒരു ചർച്ചാഫോറത്തിൽ അറിയിച്ചു. മലയാളത്തിൽ പുറത്തിറക്കിയിരിക്കുന്നതിൽ ഏറ്റവും വലിയ ഡിജിറ്റൽ ആർക്കൈവ് കൂടിയാണ് ഈ സിഡിയെന്നും വിക്കി പ്രവർത്തകർ പറയുന്നു. ഏതായാലും, മലയാളഭാഷയ്ക്ക് അർഹിക്കുന്ന ഉപഹാരം തന്നെയാണ് ഈ സമാഹാരം. ഡിജിറ്റൽ യുഗത്തിൽ ഭാഷയുടെ നിലനിൽപ്പിന് പുതിയ മാർഗങ്ങൾ തേടണമെന്ന് ഓർമിപ്പിക്കുകയും ചെയ്യുന്നു ഈ സംരംഭം.

മലയാളം വിക്കി പ്രവർത്തകർ ആദ്യമായല്ല ഇത്തരമൊരു സംരംഭത്തിന് മുതിരുന്നത്. മലയാളം വിക്കിപീഡിയയിലെ

തിരഞ്ഞെടുത്ത നൂറുകണക്കിന് ലേഖനങ്ങൾ സിഡിയാക്കി അവതരിപ്പിച്ചുകൊണ്ട് ഇതിന് മുമ്പ് അവർ ആഗോളശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.